**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പെൻഷൻ - എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 27.09.2004-ൽ മരണപ്പെട്ട ശ്രീ. കെ.ഗോപിനാഥന്റെ ഭാര്യ ശ്രീമതി. ലതിക ഗോപിനാഥന് കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ (സാധാ) നം.2236/2018/ധന** **തിരുവനന്തപുരം, തീയതി 20.03.2018**

---

പരാമർശം:- (1) എൻ.സി.സി. അഡീഷണൽ ഡയറക്ടർ ജനറലിന്റെ 05.12.2017-ലെ 6180/B3-Estt/1997/NCC നമ്പർ കത്ത്.

(2) 20.01.2016-ലെ സ.ഉ(പി) നം.9/2016/ധന നം. ഉത്തരവ്.

(3) PPO No.46499511.

**<u>ഉത്തരവ്</u>**

31.08.1997-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. കെ.ഗോപിനാഥൻ എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 27.09.2004-ൽ മരണപ്പെട്ടതിനാൽ പരാമർശം (2) ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച് എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് ശ്രീമതി. ലതിക ഗോപിനാഥൻ പരാമർശം (1) പ്രകാരം എൻ.സി.സി. അഡീഷണൽ ഡയറക്ടർ ജനറൽ മുഖാന്തിരം ആവശ്യമായ രേഖകൾ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 10 -ൽ പരാമർശിച്ചിരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും മരണപ്പെട്ട കെ.ഗോപിനാഥന്റെ സർവ്വീസ് കാലയളവ് 2 വർഷം ആകയാലും പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ ഭാര്യ ശ്രീമതി. ലതിക ഗോപിനാഥന് 765/- രൂപ 01.07.2014 മുതൽ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 765/- രൂപയ്ക്ക് അർഹതപ്പെട്ട ക്ഷാമാശ്വാസത്തിന് ടിയാൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(.......................2)

3. പ്രസ്തുത പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99" കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.രാജശ്രീ.**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ് .എസ് .എ)കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ. ആന്റ് ആർ.എസ്.എ) കേരള,തിരുവനന്തപുരം.
4. അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി. ഡയറക്ടറേറ്റ്, തിരുവനന്തപുരം.
5. സബ്ട്രഷറി ഓഫീസർ, സബ്ട്രഷറി, നോർത്ത് പറവൂർ.
6. ശ്രീമതി. ലതിക ഗോപിനാഥൻ, വടക്കേ ഉരുള്ളമേൽ ഹൗസ്, കരിമ്പാടം, ചേന്ദമംഗലം.പി.ഒ, നോർത്ത് പറവൂർ - 683512.
7. The Nodal Officer,www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ 689921)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ